"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ്- വാമനപുരം നിയോജകമണ്ഡലത്തിലെ കുട്ടികളുടെ നാടക വേദിയായ രംഗപ്രഭാത്, വെഞ്ഞാറമൂട് സംഘടിപ്പിക്കുന്ന ഓൾ ഇന്ത്യ കൾച്ചറൽ ഫെസ്റ്റിവൽ 2024-ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.615/2024/TSM തീയതി,തിരുവനന്തപുരം, 24-10-2024

---

പരാമർശം:-
1. രംഗപ്രഭാത് ചിൽഡ്രൻസ് തിയേറ്റർ പ്രസിഡന്റ്, സമർപ്പിച്ച 19.08.2024 ലെ അപേക്ഷ.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 03.10.2024 ലെ DOT/14500/2023-M1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വാമനപുരം നിയോജക മണ്ഡലത്തിലെ വെഞ്ഞാറമൂട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന രംഗപ്രഭാത് എന്ന കുട്ടികളുടെ നാടക വേദിയുടെ സ്ഥാപകനായ ഗുരു കെ കൊച്ചുനാരായണ പിള്ളയുടെ 17-ാം ചരമ വാർഷിക ആഘോഷത്തിന്റെ ഭാഗമായി 2024 ഒക്ടോബർ 1 മുതൽ 15 വരെ സംഘടിപ്പിക്കുന്ന All India Cultural Festival ന് ധനസഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് രംഗപ്രഭാത് പ്രസിഡന്റ് പരാമർശം (1) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

(2). പ്രസ്തുത പരിപാടിയ്ക്ക് 3452-80-104-99-00-00-01- പിവി - വിവിധ ഉത്സവങ്ങളുടെയും സാംസ്കാരിക പരിപാടികളുടെയും പരിപോഷണം എന്ന ശീർഷകത്തിൽ നിന്നും ഉചിതമായ സാമ്പത്തിക സഹായം അനുവദിക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

(3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുട്ടികളുടെ സമഗ്രവികസനത്തിനായി കഴിഞ്ഞ 53 വർഷമായി വാമനപുരം

നിയോജകമണ്ഡലത്തിലെ വെഞ്ഞാറമൂട് ആലുന്തറ ഗ്രാമത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കേരളത്തിലെ ആദ്യത്തെ കുട്ടികളുടെ സ്ഥിരം നാടകവേദിയാണ് രംഗപ്രഭാത്. വെഞ്ഞാറമൂട് രംഗപ്രഭാതിന്റെ സ്ഥാപകനായ ഗുരു കെ കൊച്ചുനാരായണ പിള്ളയുടെ 17-ാം ചരമ വാർഷിക ആഘോഷത്തിന്റെ ഭാഗമായി **2024** ഒക്ടോബർ **1** മുതൽ **15** വരെ സംഘടിപ്പിച്ച **All India Cultural Festival** ന്, **3452-80-104-99-00-00-01-** പിവി - വിവിധ ഉത്സവങ്ങളുടെയും സാംസ്കാരിക പരിപാടികളുടെയും പരിപോഷണം എന്ന ശീർഷകത്തിൽ നിന്നും **₹25000/-(ഇരുപത്തി അയ്യായിരം രൂപ മാത്രം)** ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(4). ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗസർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം രംഗപ്രഭാത് ചിൽഡ്രൻസ് തിയേറ്റർ പ്രസിഡന്റ് വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, ആയതിന്റെ ആധികാരികത വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
പ്രസിഡന്റ് ,രംഗപ്രഭാത്, കുട്ടികളുടെ നാടകവേദി(വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് ii) കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ്( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Archana T
സെക്ഷൻ ഓഫീസർ
Date: 25-10-2024 10:23:53

പകർപ്പ്:-
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്